LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപക തസ്തികകൾക്ക് കറസ്പോണ്ടൻസ് ബിരുദങ്ങൾ അംഗീകരിക്കുന്നതിന് നടപടി

101 [3279] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക തസ്തികകൾക്ക് കറസ്പോണ്ടൻസ് ബിരുദങ്ങൾ അംഗീകരിക്കുകയില്ലെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ബി) ഹയർ സെക്കന്ററി തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ എഴുതി ഷോർട്ട് ലിസ്റ്റിൽ വന്ന ഉദ്യോഗാർത്ഥികൾക്ക് ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾസിൽ കറസ്പോണ്ടൻസ് ബിരുദക്കാരെ അംഗീകരിക്കില്ലെന്ന സർക്കാർ നിലപാട്മൂലം ഇന്റർവ്യൂവിന് ഹാജരാകാൻ സാധിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച അടിസ്ഥാന വിദ്യാഭ്യാസത്തിനുശേഷം നേടിയ കറസ്പോണ്ടൻസ് ബിരുദാനന്തര ബിരുദങ്ങൾ അദ്ധ്യാപക തസ്തികയ്ക്ക് അംഗീകരിച്ചുകൊണ്ടുള്ള അടിയന്തിര ഉത്തരവ് പുറപ്പെടുവിക്കുകയും, ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾസിലും, കെ.ഇ.ആർ.-ലും പ്രസ്തുത ബിരുദങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള ഭേദഗതി വരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ. (പി) 364/02/പൊ.വി. തീയതി 6-11-2002 എന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.† എന്നാൽ പ്രസ്തുത ഉത്തരവ് 13-12-2002-ലെ ജി.ഒ. (പി) 406/02/പൊ.വി. എന്ന ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.‡

(ബി) പി.എസ്.സി. അത്തരം ഒരു നിലപാട് സ്വീകരിച്ചതായി അറിയുന്നു.

(സി) ഉത്തരം 'എ'-യിൽ കാണിച്ചിരിക്കുന്ന രീതിയിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചോദ്യം അപ്രസക്തമാണ്.

---

† അനുബന്ധം VIII

‡ അനുബന്ധം VIII a

അനുബന്ധം VIII (a)

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 101 (3279) സഭയം കാണുക]

GOVERNMENT OF KERALA

Abstract

G. Edn.—Qualification for the teaching Posts—Ineligibility of degrees obtained through Distant/liberalised scheme—Orders rescinded.

GENERAL EDUCATION (J) DEPARTMENT

G.O. (P) No. 406/02/G. Edn. Thiruvananthapuram, dated, 13-12-2002.

Read:—G.O. (P) 364/02/G. Edn., dt. 6-11-2002.

ORDER

The Government Order read above is hereby rescinded.

(By Order of the Governor,)

K. NALINI

Additional Secretary.

അനുബന്ധം IX

[23-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 114 (3293) സഭയം കാണുക]

ഓപ്പൺ സ്കൂൾ

വർഷം	സയൻസ്	ഹ്യൂമാനിറ്റീസ്	കോമേഴ്സ്	ടെക്നിക്കൽ	ആകെ
2001	23	3	4	ആരുമില്ല	30
2002	686	22,969	37,981	. .	61,636
2003	942	1872	6797	. .	9611
2004	1492	721	2816	. .	5029

പ്രൈവറ്റ് രജിസ്ട്രേഷൻ

വർഷം	ഹ്യൂമാനിറ്റീസ്	കോമേഴ്സ്	ആകെ
2003	18,272	25,499	43,771
2004	25,576	38,069	63,645

LIBRARY ARCHIVES Kerala Legislative Assembly